# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2418 — 19.03.2015-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാപിഴവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ മേഖലകളിലെ ആശുപത്രികളിൽ ചികിത്സാപിഴവുമൂലം രോഗികൾക്ക് അപകടങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിക്കാറുണ്ടോ; | (എ) പരാതികൾ ലഭിക്കാറുണ്ട്. |
| (ബി) ഇത്തരം പരാതികളിൽ സർക്കാർ ഏത് രീതിയിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത് ; | (ബി) നിലവിലുള്ള നിയമപ്രകാരം സ്വകാര്യ ആശുപത്രികൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാരിന് കഴിയുകയില്ല. സ്വകാര്യ ആശുപത്രികളുടെ മേൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുള്ള ബില്ല് സർക്കാർ തലത്തിൽ രൂപീകരിച്ച് വരുന്നു. എന്നിരുന്നാലും സ്വകാര്യ ആശുപത്രികളിൽ പിഴവ് ഉണ്ടെന്ന് കണ്ടാൽ പരാതിക്കാർക്ക് വ്യക്ത്യാധിഷ്ടിതമായി പരാതികൾ സിവിൽ കോടതികൾ മുഖേനയോ കൺസ്യൂമർ കോടതി മുഖേനയോ പ്രശ്ന പരിഹാരം തേടാവുന്നതാണ്. |
| (സി) സംസ്ഥാനത്തെ ഡോക്ടർമാരുടെ ചികിത്സാരീതിയെക്കുറിച്ചോ ആശുപത്രികളെക്കുറിച്ചോ പൊതുജനങ്ങൾക്കും രോഗികൾക്കുമുള്ള പരാതികൾ അറിയിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനും നിലവിൽ പ്രത്യേക സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിലേക്കായി ഒരു പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോ ? | (സി) ഡോക്ടർമാരുടെ ചികിത്സാരീതിയെക്കുറിച്ചോ ആശുപത്രികളെക്കുറിച്ചോ പൊതുജനങ്ങൾക്കും രോഗികൾക്കുമുള്ള പരാതികൾ ആശുപത്രി മേധാവിയ്ക്ക് നൽകാവുന്നതാണ്. ഇതിന്റെ ഭാഗമായി ചില ആശുപത്രികളിൽ കംപ്ലയിന്റ് ബോക്സ് സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ജില്ലാതലത്തിലുള്ള പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകാവുന്നതാണ്. അത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും ആയതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |

(.....2)

സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരെ ക്കുറിച്ചും സർക്കാർ ആശുപത്രിയിയെക്കുറിച്ചും പൊതുജനങ്ങൾക്കും രോഗികൾക്കുമുള്ള പരാതികൾ അന്വേഷിക്കുവാനായി ആരോഗ്യവകുപ്പിന് കീഴിൽ സംസ്ഥാനതല വിജിലൻസ് വിഭാഗം ആരോഗ്യവകുപ്പ് ഡയറക്ടേറ്റിലും, റീജിയണൽ തലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ വിജിലൻസും പ്രവർത്തിച്ചു വരുന്നു. ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും രോഗികളിൽ നിന്നും ലഭിച്ച നിരവധി പരാതികൾ അന്വേഷിച്ച് പരിഹാരം കണ്ടെത്തുകയും വീഴ്ച വരുത്തിയ വർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ